# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3639 20.10.2016-ലെ മറുപടിക്ക്**

**പ്ലസ് വൺ പ്രവേശനം**

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശനം പൂർത്തിയായത് ഏത് തീയതിയിലാണ്; അദ്ധ്യയനം തുടങ്ങി എത്ര ദിവസത്തിനുശേഷമാണ് പ്രവേശന നടപടി പൂർത്തിയാക്കാൻ കഴിഞ്ഞത്; വ്യക്തമാക്കുമോ; | (എ) | ഈ അധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശനത്തിനുള്ള മുഖ്യഅലോട്ട്മെന്റുകൾ പൂർത്തിയായത് 27.06.2016-നാണ്. മുഖ്യ ഘട്ടത്തിലെ രണ്ട് അലോട്ട്മെന്റുകളിലൂടെ ഭൂരിഭാഗം സീറ്റുകളിൽ പ്രവേശനം ഉറപ്പാക്കി, 3 ദിവസം കഴിഞ്ഞ് 2016 ജൂൺ 30-ന് പ്ലസ് വൺ ക്ലാസ്സുകൾ ആരംഭിച്ചു. ശേഷിക്കുന്ന സീറ്റുകളിലേയ്ക്കുള്ള സപ്ലിമെന്ററി അലോട്ട്മെന്റുകൾ 19.08.2016-ന് പൂർത്തിയായി. |
| (ബി) | പ്രവേശന നടപടികൾ യഥാസമയം പൂർത്തിയാകാത്തത് വിദ്യാർത്ഥികളുടെ പഠനത്തെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോയെന്നത് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | യഥാസമയം പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ ഏത് രീതിയിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ഭൂരിഭാഗം സീറ്റുകളിലും പ്രവേശനം ഉറപ്പാക്കിയശേഷം ജൂൺ 30-ന് ക്ലാസ്സുകൾ ആരംഭിച്ചതിനാൽ വളരെ കുറച്ച് കുട്ടികൾക്ക് മാത്രമാണ് അധ്യയന ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളത്. ഇത്തരം കുട്ടികൾക്ക് ബന്ധപ്പെട്ട സ്കൂൾ അധികാരികൾ പ്രത്യേകം ക്ലാസ്സുകൾ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.